*⇨ ഇതരജീവികൾക്കില്ലാത്ത അവശതകളാണ് സ്വയം ഉത്പാദിപ്പിക്കുന്നവരാക്കി മനുഷ്യനെ മാറ്റുന്നത് ⇨*

# ഉർവ്വിയെ പുഷ്പിപ്പിക്കും കല

മനുഷ്യചരിത്രത്തിലെ ഏറ്റവും മോശപ്പെട്ട കണ്ടുപിടുത്തമാണ് കൃഷിയെന്നും പരിസ്ഥിതി നാശത്തിന്റെ തുടക്കം കൃഷിയുടെ കണ്ടുപിടുത്തത്തോടെയാണെന്നുമുള്ള ചിന്ത പരിസ്ഥിതി പ്രവർത്തകരിലടക്കം ഇന്ന് പ്രബലമാണ്. എന്നാൽ എന്താണ് യാഥാർത്ഥ്യം? ഭൂമിയിലെ ജൈവവൈവിധ്യത്തെ വർദ്ധിപ്പിക്കുകയും സംപുഷ്ടമാക്കുകയുമാണ് കൃഷിയിലൂടെ മനുഷ്യൻ ചെയ്തതെന്ന് ഓർമ്മിപ്പിക്കുന്നു.

■ **വി. അശോക്കുമാർ**

**കൃഷിയുടെ** കണ്ടുപിടുത്തത്തോടെയാണ് പരിസ്ഥിതി നാശം വന്നുചേർന്നതെന്ന കാഴ്ചപ്പാട് പരിസ്ഥിതിവാദികൾക്കിടയിൽ ഇന്ന് ശക്തമായിട്ടുണ്ട്. മനുഷ്യനാവശ്യമുള്ള മരങ്ങളും ചെടികളും നട്ടുപിടിപ്പിക്കുക, മണ്ണിനെ മാറ്റിമറിയ്ക്കുക, വന്യജീവികളെ മെരുക്കി വളർത്തുമൃഗങ്ങളാക്കുക എന്നിവയിലൊക്കെ ഒരുതരം 'പ്രകൃതിവിരുദ്ധത' പല പരിസ്ഥിതിവാദികളും ആരോപിക്കുന്നു. ഇതര ജന്തുജാലങ്ങളെപ്പോലെ പ്രകൃതിയെ ആശ്രയിച്ചും ഇരതേടിയും കഴിഞ്ഞ മനുഷ്യൻ അവരിൽ നിന്നു വിഭിന്നനായി, സ്വന്തമായി ഭക്ഷ്യവിഭവങ്ങൾ കൃഷിചെയ്തു ജീവിക്കുന്നതാണ് പരിസ്ഥിതിത്തകർച്ചയുടെ ആരംഭമെന്ന അഭിപ്രായം ജയേഡ് ഡയമണ്ട് തുടങ്ങിയ ചരിത്രകാരന്മാർവരെ മുന്നോട്ടുവച്ചിട്ടുണ്ട്. മനുഷ്യചരിത്രത്തിലെ ഏറ്റവും മോശപ്പെട്ട കണ്ടുപിടുത്തമെന്നാണ് കൃഷിയെ ജയേഡ് ഡയമണ്ട് വിശേഷിപ്പിച്ചത്. പരിസ്ഥിതി സംബന്ധമായ നാശങ്ങൾ ഉണ്ടാക്കിയതുകൊണ്ടു മാത്രമല്ല, മനുഷ്യസമൂഹത്തിൽ അടിമ-ഉടമ സമ്പ്രദായവും യുദ്ധങ്ങളും വെട്ടിപ്പിടുത്തങ്ങളും രക്തച്ചൊരിച്ചിലുകളുമൊക്കെ വന്നുചേർന്നത് കൃഷി തുടങ്ങിയതിലൂടെയാണെന്ന് ഇക്കൂട്ടർ ആരോപിക്കുന്നു.

ദൈവം കനിഞ്ഞരുളിയ ഏദൻതോട്ടത്തിൽ വിലക്കപ്പെട്ട കനി തിന്ന് ആദിപാപികളായിത്തീർന്ന ആദമിനെയും ഹവ്വയെയും പോലെ, മനുഷ്യവർഗ്ഗം കൃഷിചെയ്ത് സ്വന്തം വിശപ്പിനുള്ളവ ഉത്പാദിപ്പിച്ചപ്പോൾ ചരിത്രത്തിലെ സ്വർഗ്ഗീയജീവിതത്തിൽ നിന്ന് നിഷ്ക്കാസിതമാവുകയാണോ ഉണ്ടായത്? മനുഷ്യചരിത്രത്തിലെ ആദിപാപമാണോ കാർഷികവൃത്തി? കൃഷിയിലൂടെ മനുഷ്യൻ പാപിയായിത്തീർന്നോ? സെമിറ്റിക് മതങ്ങൾ മനുഷ്യനെ ജന്മനാ പാപിയായി കണക്കാക്കുന്നതുപോലെ, പരിസ്ഥിതിവാദികളും ആജന്മപാപിയായി നെറ്റിയിലെ വിയർപ്പിനാൽ സ്വന്തം അന്നം കണ്ടെത്തുന്ന കർഷകരെ അവമതിക്കുന്നു. കൃഷിയെന്ന പാപം ചെയ്യുന്നിടത്തോളം കാലം മനുഷ്യവർഗ്ഗത്തിന് നന്മയിലേയ്ക്കു മോചനമില്ല എന്ന പ്രവചനവും ഇതിൽ ഉൾക്കൊണ്ടിട്ടുണ്ട്. ഈ ലോകത്തെ മനുഷ്യകർമ്മങ്ങളെല്ലാം കൃഷിയോടുകൂടി പാപപങ്കിലമായിരിക്കുന്നു. അതുകൊണ്ട് ഈ ഭൂമി മനുഷ്യനിർമ്മിതമായ ഒരു നരകം തന്നെയെന്ന നിരാശാവാദവും ഇതിന്റെ തുടർച്ചയാണ്.

ഇതരജീവികൾക്കില്ലാത്ത അവശതകളാണ് സ്വയം ഉത്പാദിപ്പിക്കുന്നവരാക്കി മനുഷ്യനെ മാറ്റുന്നത്. ഹിമക്കരടിക്ക് കൊടുംതണുപ്പിനെ അതിജീവിക്കാനുള്ള രോമകവചമുണ്ടെങ്കിൽ അവിടെ കഴിയുന്ന എക്സിമോകൾക്ക് ജന്മനാ അത്തരം കവചങ്ങൾ പ്രകൃതി നൽകിയിട്ടില്ല. അതുകൊണ്ട് ധ്രുവപ്രദേശത്ത് നിലനിന്നുപോകാൻ രോമക്കുപ്പായം സ്വയം ഉണ്ടാക്കി ധരിക്കേണ്ടിവന്നു. എക്സിമോകളെപ്പോലെ ഓരോ പ്രദേശത്തും അതാതു പ്രദേശത്തിന്റെ പ്രത്യേകതകൾക്കൊ

ത്ത് നിലനിൽക്കണമെങ്കിൽ ആ പ്രദേശത്തിന് യോജിച്ച ഉത്പാദനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ മനുഷ്യൻ നിർബന്ധിതനാവുകയാണുണ്ടായത്. പ്രകൃതി ഏർപ്പെടുത്തിയിരിക്കുന്ന പരിമിതികളെയും അവശതകളെയും മറികടക്കാൻ പ്രകൃതിതന്നെയാണ് ഉപായങ്ങൾ ജീവികൾക്ക് നൽകുന്നത്. മനുഷ്യനും അവന്റെ ഇല്ലായ്മകളെയും വല്ലായ്മകളെയും പ്രകൃതിയ്ക്ക് ഇണങ്ങിയ രീതിയിൽ, പ്രകൃതി നിശ്ചയിച്ച വഴികളിലൂടെ മറികടക്കുകയാണുണ്ടായത്. പെറുക്കിത്തിന്നും വേട്ടയാടിയും മാത്രം ജീവിക്കാൻ സാധ്യമാകാത്ത സാഹചര്യങ്ങളിലാണ് ചില സമൂഹങ്ങൾ ഭാഗികമായ കൃഷിയിലേയ്ക്കു ചുവടുവെച്ചത്. അവർ കാട്ടിലെ ചിലയിടങ്ങൾ കത്തിച്ച് അവിടം ചെറുധാന്യങ്ങൾ വിതച്ചു. ആ വിളയും ഭക്ഷണത്തോടൊപ്പം ചേർക്കുന്നു. പെറുക്കിത്തിന്നുന്ന പലസമൂഹങ്ങളും അതോടൊപ്പം മേൽപ്പറഞ്ഞ വിധത്തിലുള്ള പുനംകൃഷിയും ചെയ്യുന്നതായി കാണാം. ഭൂമിയിലെ എല്ലാ മനുഷ്യരും ഒരേപോലെ വേട്ടയാടി ജീവിക്കുകയാണെങ്കിൽ – ഒരേതരം ഭക്ഷ്യസമ്പാദന രീതിയിലാണ് ഏർപ്പെടുന്നതെങ്കിൽ അത് ആ വംശനാശത്തിനാണ് വഴിവെയ്ക്കുക. അതുകൊണ്ട് വിഭിന്നസാഹചര്യങ്ങളിൽ അവയ്ക്ക് യോജിച്ചവിധത്തിലുള്ള ഭക്ഷ്യസമ്പാദന രീതികളിലാണ് മനുഷ്യർ ഏർപ്പെട്ടത്. വ്യത്യസ്ത ഭൂപ്രകൃതിയും കാലാവസ്ഥയും ചേർന്നാണ് മനുഷ്യവിഭാഗങ്ങളുടെ ജീവിതോപായങ്ങളെ പലവിധത്തിൽ രൂപപ്പെടുത്തുന്നത്.

ഈ സസ്യജാലങ്ങളെയെല്ലാം അവലംബമാക്കികൊണ്ട് ഒരു കാർഷിക ആവാസവ്യവസ്ഥയാണ് രൂപം കൊണ്ടത്. ഇതാണ് മനുഷ്യന്റെ പ്രകൃതിയ്ക്കുള്ള സമ്മാനം. പ്രകൃതി നിർമ്മിതമായ ആവാസവ്യവസ്ഥകളിൽ അതിനെ അനുസരിക്കുന്ന ഒരുപുതിയ ആവാസവ്യവസ്ഥ മനുഷ്യകരങ്ങളാൽ രൂപപ്പെട്ടതാണ് കാർഷിക ആവാസവ്യവസ്ഥ.


വളർത്തി ഭക്ഷിക്കുക എന്നത് മനുഷ്യന്റെ പ്രകൃതി സമ്മതമായ ജീവിതമാർഗ്ഗമായി വേണം മനസ്സിലാക്കേണ്ടത്. വന്യമൃഗങ്ങളെ (എക്സിമോകൾ റെയിൻഡിയറിനെയും) മെരുക്കിയെടുത്ത് വളർത്തി ഭക്ഷ്യാവശ്യങ്ങൾ മനുഷ്യൻ നിറവേറ്റുന്നതും, വന്യസസ്യങ്ങൾ നട്ടുവളർത്തി അതിന്റെ ഫലം ഭക്ഷിക്കുന്നതും ഇതരജീവികൾക്കില്ലാത്ത പ്രകൃതിപരമായ അവശത മനുഷ്യന് പ്രകൃതി തന്നെ സമ്മാനിച്ചതുകൊണ്ടാണ്. മനുഷ്യശിശു മുതിർന്നു വരണമെങ്കിൽ കുറച്ചു കാലതാമസമുണ്ട്. അതീവപരിചരണവും സുദീർഘമായ പരിശീലനവും ആവശ്യമാണ്. ഇങ്ങനെ മനുഷ്യവർഗ്ഗം നിലനിൽക്കണമെങ്കിൽ ഒത്തൊരുമിച്ചുള്ള താമസം, ഭാഷ, ഉത്പാദനപ്രവർത്തനങ്ങൾ-കാലിമേച്ചിൽ, കൃഷി, കൈത്തൊഴിൽ, കലകൾ, വീട്, വസ്ത്രം എന്നിവയൊക്കെ അനിവാര്യമായിരിക്കുന്നു. മനുഷ്യന്റെ കൈകൾ പ്രകൃതി സംഭാവനചെയ്തതുതന്നെ സ്വയം ഉത്പാദനം നടത്താനുള്ള ഉപകരണങ്ങൾ നിർമ്മിക്കാനും കൈകാര്യം ചെയ്യാനും പാകത്തിനാണ്.

അതുകൊണ്ട്, കൃഷിയെ പ്രകൃതിവിരുദ്ധ/നശീകരണ പ്രക്രിയയായി കാണുന്നതാണ് പ്രകൃതിക്കു നിരക്കാത്തത്. മനുഷ്യന്റെ സവിശേഷതകളെപ്പറ്റിയുള്ള വസ്തുതാപരമായ ആലോചനയോ പഠനമോ ഇല്ലാത്തതുകൊണ്ടാണ് കൃഷിയെ തന്നെ പ്രകൃതി നിഷേധമായി ചിത്രീകരിക്കുന്നത്. കൃഷിയില്ലാത്ത സമൂഹങ്ങളിലും യുദ്ധം, അടിമത്തം തുടങ്ങിയ ദുർനടപടികൾ കാണാൻ കഴിയുമെന്നാണ് നരവംശപഠനങ്ങൾ ഓർമ്മിപ്പിക്കുന്നത്.

കൃഷിചെയ്യുമ്പോൾ പ്രകൃതിയെ അനുകരിക്കുകയാണു നമ്മൾ ചെയ്യുന്നത്. പ്രകൃതി എല്ലാവർക്കും ഭക്ഷണമൊരുക്കിയപ്പോൾ മനുഷ്യനോടു മാത്രം 'നീ സ്വയം വളർത്തി ഭക്ഷിക്കാനാണ്' ആവശ്യപ്പെട്ടത്. 'നിനക്കുള്ളതു നിന്റെ നെറ്റിയിലെ വിയർപ്പിനാൽ നീ തന്നെ ഉണ്ടാക്കുക' എന്നാണ് പ്രകൃതി മാതാവിന്റെ കല്പന. അതിനുള്ള വിഭവങ്ങളും ഉപായങ്ങളും അവൾ പ്രദാനം ചെയ്യുന്നു. കൃഷിയിലൂടെ മനുഷ്യരുടെ പങ്കുകൂടി കൂട്ടിച്ചേർത്തുകൊണ്ട് ജൈവവൈവിധ്യത്തെ വർദ്ധിപ്പിക്കുകയും സംപുഷ്ടമാക്കുകയുമാണ് മനുഷ്യൻ ചെയ്തത്. അല്ലാതെ ഇതര ജീവിജാതികൾക്ക് കൃഷി വിനയായി ത്തീരുകയല്ല ഉണ്ടായത്. ദീർഘകാലത്തെ കാർഷികവൃത്തിയിലൂടെ മനുഷ്യൻ സസൂക്ഷ്മം പ്രകൃതിയുടെ കാലഭേദങ്ങളെ പഠിക്കുകയായിരുന്നു. ആ പഠനത്തിന്റെയും പരീക്ഷണങ്ങളുടെയും പരിണിതഫലമാണ് കാർഷിക ജൈവവൈവിധ്യം (agro biodiversity). ഓരോ വിളയിലും അതിന്റെ ആയിരക്കണക്കിനു ഇനങ്ങളാണ് കൃഷിയിലൂടെ മനുഷ്യൻ പുതുക്കിയെടുത്തത്. പുതുജാതികളെ സൃഷ്ടിക്കുന്നതിൽ പ്രകൃതിയോട് സ്നേഹമസൃണമായ ഒരു മത്സരം തന്നെയാണ് മനുഷ്യൻ നടത്തിയിട്ടുള്ളത്. ഉരുളക്കിഴങ്ങു ഭക്ഷിക്കുന്ന ഉന്നതപ്രദേശങ്ങളിലുള്ളവരും നെല്ലുവിളയിക്കുന്ന സമതലവാസികളും അവയിൽ അനേകയിനങ്ങളെ സ്വയം പുതുക്കിയുണ്ടാക്കി കാർഷിക ജൈവവൈവിധ്യത്തെ സമ്പന്നമാക്കിയവരാണ്. പ്രകൃതി നിർത്തിയിടത്ത് കൃഷിയിലൂടെ മനുഷ്യൻ പൂരിപ്പിക്കുകയായിരുന്നു.

മകരക്കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ കുമ്പളവും വെള്ളരിയും മത്തനും പൂവിടർത്തുമ്പോൾ, അത് മണ്ണിന്റെമേൽ മനുഷ്യൻ നടത്തുന്ന അലങ്കാരമായി മാറുന്നുണ്ട്. പുരപ്പുറത്തും തൊഴുത്തിൻ

മേലും വേലിപ്പടർപ്പിലും മുറ്റത്തും അടുക്കളപ്പുറത്തും പലയിനങ്ങളെ പടർത്തിക്കൊണ്ട് സസ്യലതാദികൾക്ക് സ്വയം ആവിഷ്ക്കരിക്കാൻ രംഗസജ്ജീകരണം നടത്തുകയാണ് നമ്മൾ. ഈ സസ്യജാലങ്ങളെയെല്ലാം അവലംബമാക്കികൊണ്ടുള്ള ഒരു കാർഷിക ആവാസവ്യവസ്ഥയാണ് രൂപം കൊണ്ടത്. ഇതാണ് മനുഷ്യന്റെ പ്രകൃതിയ്ക്കുള്ള സമ്മാനം. പ്രകൃതിനിർമ്മിതമായ ആവാസവ്യവസ്ഥകളിൽ അതിനെ അനുസരിക്കുന്ന ഒരു പുതിയ ആവാസവ്യവസ്ഥ മനുഷ്യകരങ്ങളാൽ രൂപപ്പെട്ടതാണ് കാർഷിക ആവാസവ്യവസ്ഥ. പ്രകൃതിയെങ്ങനെയാണോ അങ്ങനെത്തന്നെ ഈ ആവാസവ്യവസ്ഥയും സ്വയം സമ്പൂർണ്ണമാണ്. അവിടെ മണ്ണും കാലാവസ്ഥയും സസ്യജന്തുജാലങ്ങളും സൂക്ഷ്മജീവികളും പരസ്പരം കൊണ്ടുംകൊടുത്തും അതിജീവനം സാധ്യമാക്കുന്നുണ്ട്. പ്രകൃതിയെ നോവിപ്പിക്കുന്നതല്ല അതിനെ പുഷ്ഠിപ്പെടുത്തുന്നതാണ് കാർഷിക ആവാസവ്യവസ്ഥ.



### ആധുനിക കൃഷി

പിന്നെങ്ങനെയാണ് കാർഷികവൃത്തി ഹിംസയാണെന്നും പ്രകൃതിക്കുനാശമുണ്ടാക്കുന്നതാണെന്നുമുള്ള കാഴ്ചപ്പാട് രൂപപ്പെട്ടത്? കൃഷിയെ അവമതിക്കുന്ന ഇങ്ങനെയൊരു ചിന്താഗതി ഉടലെടുത്തത് പ്രധാനമായും പടിഞ്ഞാറൻ രാജ്യങ്ങളിലാണ്. അവിടത്തെ ചില പണ്ഡിതന്മാരാണ് കൃഷിയെ നാശത്തിന്റെ കാരണമായി പ്രതിസ്ഥാനത്തു നിർത്തിയത്. അല്ലാതെ തെക്കൻ ഭൂഗോളത്തിൽപ്പെടുന്ന പരമ്പരാഗത കാർഷിക സമൂഹങ്ങളിൽ നിന്നല്ല കൃഷിയെ ആക്ഷേപിക്കുന്ന ന്യായങ്ങൾ ഉണ്ടായത്. വടക്കൻ ഭൂഗോളത്തിൽ കൃഷിവിരുദ്ധചിന്ത ഉണ്ടായതിനു കാരണം കൃഷിയിൽ അവിടെ വരുത്തിയ അടിസ്ഥാനപരമായ മാറ്റങ്ങളാണ്. 16-ാം നൂറ്റാണ്ടു മുതൽ യൂറോപ്പിലും യൂറോപ്യന്മാർ കീഴടക്കിയ നാടുകളിലും വ്യവസായകൃഷി അഥവാ തോട്ടംകൃഷി ആരംഭിക്കുകയുണ്ടായി. ഏതെങ്കിലും ഒരു വിളമാത്രം, സമ്പൂർണ്ണമായ ഉത്പാദനവർദ്ധനവ്-ലാഭം ലക്ഷ്യമാക്കി കൃഷിചെയ്യുന്ന ഈ ഏകവിള സമ്പ്രദായമാണ് പിന്നീട് ലോകത്ത് പടർന്നുപിടിച്ചത്.

ഏകവിളവൽക്കരണത്തിൽ അഥവാ തോട്ടംകൃഷിയിൽ കാർഷിക ജൈവവൈവിധ്യം ഇല്ല. പ്രകൃതിയുടെ നിയമങ്ങളെ തെറ്റിച്ചുകൊണ്ടാണ് തോട്ടങ്ങൾ നിലകൊള്ളുന്നത്. ലാഭത്തിനായി എത്രയും വേഗം മണ്ണിന്റെ ഫലഭൂയിഷ്ഠതകൾ അവിടെ കൊള്ളയടിക്കപ്പെടുന്നതായിട്ടാണ് ആൽബർട്ട് ഹോവാർഡ് പറയുന്നത്. കവർച്ചക്കാരന്റെ മനസ്സോടെ മണ്ണിനേയും സസ്യത്തെയും സമീപിക്കുന്നവനാണ് തോട്ടമുടമ. സർവ്വവും സംഹരിച്ച് ഉല്പാദനം വർദ്ധിപ്പിച്ച് നാണയം നേടുകയാണ് അയാളുടെ ലക്ഷ്യം. അത് കൃഷിയല്ല, ലാഭാധിഷ്ഠിതമായ വ്യവസായമാണ്. വൻമൂലധനം മുടക്കിയുള്ള ഏർപ്പാടാണ്. ചരിത്രത്തിൽ കാർഷികവൃത്തിയിൽ വന്നുചേർന്ന ഈ യൂറോപ്യൻ വ്യതിയാനം തീർച്ചയായും പ്രകൃതിക്കുനിരക്കാത്തതാണ്. അത് മണ്ണിനെയും ജീവജാലങ്ങളെയും തകർത്ത് കാർഷിക ജൈവവൈവിധ്യം മാത്രമല്ല, അതിനു പുറത്തുള്ള വൈവിധ്യങ്ങളെത്തന്നെ കടന്നാക്രമിച്ച് ഇല്ലാതാക്കിയിരിക്കുന്നു. അതിൽ കാർഷിക ആവാസവ്യവസ്ഥ ഇല്ല. ഏകവിളവൽക്കരണത്തിന്റെ അനന്തരഫലമായുള്ള കീടപ്പെരുപ്പത്തിനുമേൽ വിഷമഴ പെയ്യിച്ചുകൊണ്ട് അത് ആവാസവ്യവസ്ഥകളെയെല്ലാം നശിപ്പിക്കുന്നു.

കൃഷിയെ എതിർസ്ഥാനത്തു നിർത്തി വിചാരണയ്ക്കൊരുങ്ങുമ്പോൾ കോളനിവൽക്കരണത്തോടെ കാർഷിക സംസ്കാരത്തിൽ വന്ന മാറ്റം തിരിച്ചറിയേണ്ടതുണ്ട്. നൂറ്റാണ്ടുകളോളം പരമ്പരാഗത സമൂഹങ്ങളിൽ സുസ്ഥിരമായ കാർഷികവൃത്തി നിലനിന്നിരുന്നതിനെയാണ് തോട്ടംവിളകൾ കൈയേറ്റം ചെയ്തത്. വ്യാവസായികാടിസ്ഥാനത്തിൽ കൃഷിയെന്നത്, കാലിവളർത്തലായാലും പുഷ്പകൃഷിയായലും അത് താൽക്കാലികവും അപകടങ്ങളെ പലദിശകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

ഈ കൃഷിയെയല്ല മഹാകവി വൈലോപ്പിള്ളി ഇങ്ങനെ പ്രകീർത്തിച്ചത്, “ഉർവ്വിയെ പുഷ്പിപ്പിക്കും കലപോൽ നമുക്കത്ര നിർവൃതികരം സർഗ്ഗവ്യാപാരമുണ്ടോമന്നിൽ!”. ■